**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1429** **31-10-2019 ൽ മറുപടിക്ക്**

**പാട്ടക്കുടിശിക അടയ്ക്കാത്തവർക്കെതിരെ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ. എൻ. ഷംസീർ<br>ശ്രീ. ബി.സത്യൻ<br>ശ്രീ കെ.ഡി. പ്രസേനൻ<br>ശ്രീ എം. രാജഗോപാലൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വിവിധ ആവശ്യങ്ങൾക്കായി എത്ര ഏക്കർ ഭൂമിയാണ് പാട്ടവ്യവസ്ഥയിൽ നൽകിയിട്ടുള്ളതെന്ന കണക്ക് ലഭ്യമാണോ; | (എ) ഉണ്ട്. 4102.7005 ഹെക്ടർ സ്ഥലം |
| (ബി) ഇപ്രകാരം സർക്കാർ ഭൂമി പാട്ടത്തിന് എടുത്തശേഷം പാട്ടക്കുടിശിക യഥാസമയം അടയ്ക്കാത്തവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) പാട്ടക്കുടിശ്ശിക യഥാസമയം അടയ്ക്കാതെയും, ലീസ് വ്യവസ്ഥകൾ ലംഘിക്കുന്നതുമായ പാട്ട കക്ഷികളെ നിയമാനുസൃത നോട്ടീസ് നൽകി നേരിൽ കേൾക്കുകയും, പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി നടപടി ഉൾപ്പെടെ സ്വീകരിക്കുകയും തുടർന്ന് ലീസ് റദ്ദ് ചെയ്ത് പാട്ട ഭൂമി സർക്കാരിൽ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചു വരുകയും ചെയ്യുന്നു. |
| (സി) പാട്ടക്കാലാവധി കഴിഞ്ഞിട്ടും പുതുക്കാത്തവർക്ക് അതിനുള്ള അവസരം നൽകിയിട്ടുണ്ടോ എന്നും അതിന് തയ്യാറാകാത്തവർക്കെതിരെ എന്തെല്ലാം കർശന നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ; | (സി) പാട്ടക്കാലാവധി കഴിഞ്ഞിട്ടും പുതുക്കാത്തവർക്ക് നോട്ടീസ് നൽകി ബന്ധപ്പെട്ടവരെ നേരിൽ കേൾക്കുകയും, കുടിശ്ശിക കണക്കാക്കി ഡിമാന്റ് നോട്ടീസ് നൽകുകയും, കുടിശ്ശിക തുക ഈടാക്കി ആവശ്യമുള്ള അപേക്ഷകർക്ക് ലീസ് പുതുക്കൽ പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തുവരുന്നു. കുടിശ്ശിക ഒടുക്കാൻ തയ്യാറാകാത്ത കേസുകളിൽ സ്ഥലം സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനും, റവന്യൂ റിക്കവറി നടപടിയിലൂടെ കുടിശ്ശിക തുക ഈടാക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. പാട്ടക്കുടിശ്ശിക ഒറ്റത്തവണയായി തീർപ്പാക്കുന്നതിനുള്ള അവസരം നൽകുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) പുറമ്പോക്ക് ഭൂമിയിലെ കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് നിലവിലെ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ഡി) സർക്കാർ പുറമ്പോക്കിൽ കൈയ്യേറ്റം കണ്ടെത്തിയാൽ പ്രസ്തുത കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് 1957 ലെയും 2008 ലെയും കേരള ഭൂസംരക്ഷണ നിയമം അനുശാസിക്കുന്ന നടപടികളിലൂടെ ഭൂമി കൈയ്യേറ്റം ഒഴിപ്പിച്ച് സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആയതിന് ഒരു മോണിറ്ററിങ് സെൽ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**